കുടുംബ സാന്ദ്രതയ്ക്കനുസരിച്ച് (House hold density) കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്.

അക്ഷയ കേന്ദ്രങ്ങളുടെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

267 (612) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾക്കുമേൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മിക്ക അക്ഷയ കേന്ദ്രങ്ങളിലും ആവശ്യത്തിന് ജീവനക്കാരും ഓഫീസ് സൗകര്യങ്ങളും ഇല്ലാത്തതിനാലും കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്നതിനാലും വൃദ്ധജനങ്ങളും രോഗികളും ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 20-7-2013-ലെ സ.ഉ.(സാധാ). 171/13/ITD നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ട കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ ക്രമക്കേട് നടത്തുകയോ പ്രവർത്തനം മോശമാവുകയോ ചെയ്യുന്ന അവസരത്തിൽ അക്ഷയ സെന്ററിന്റെ അംഗീകാരം റദ്ദാക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് അധികാരമുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങളിൽ വളരെയധികം തിരക്കുവരുന്ന സന്ദർഭങ്ങളിൽ വൃദ്ധജനങ്ങൾക്കും മറ്റും പ്രത്യേക പരിഗണന നൽകണമെന്നും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്ന രീതിയിലായിരിക്കണം അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പുതുതായി തുടങ്ങുന്ന എല്ലാ അക്ഷയകേന്ദ്രങ്ങളിലും പഴയ അക്ഷയകേന്ദ്രങ്ങളിൽ ഘട്ടം ഘട്ടമായും ടോയ്ലെറ്റ്, കുടിവെള്ളം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "അക്ഷയ ബ്രാൻഡിംഗ്" എന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. ഇതുകൂടാതെ പുതുതായി തുടങ്ങുന്ന അക്ഷയ കേന്ദ്രങ്ങൾ കഴിവതും താഴത്തെ നിലയിൽത്തന്നെ ആയിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

268 (613) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(സി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നിലവിൽ 23 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലുമുള്ള അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഒരു പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾവരെ അനുവദിക്കാവുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയം അനുസരിച്ചാണ്. നെന്മാറ നിയോജക മണ്ഡലത്തിൽ 23 അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 18 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 5 എണ്ണം ഒഴിവായി കിടക്കുന്നുണ്ട്.

(സി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ കൂടുംബ സാന്ദ്രതയനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോമീറ്ററിൽ കൂടുതൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly